പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

19-07-2016 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ. 2325

## കർഷകരുടെ രജിസ്ട്രേഷൻ

ചോദ്യം

ശ്രീ.അടൂർ പ്രകാശ്
ശ്രീ. പി.ടി. തോമസ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. വി.റ്റി. ബൽറാം

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) സംസ്ഥാനത്ത് കർഷകരുടെ രജിസ്ട്രേഷനും അവർക്കുള്ള ആനുകൂല്യങ്ങളും ഇ-പേയ്മെന്റ് വഴി നൽകാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. കർഷക രജിസ്ട്രേഷനും ഇ-പേയ്മെന്റും എന്ന പദ്ധതി പ്രകാരം കർഷകർക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നേരിട്ട് നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ രൂപപ്പെടുത്തിയ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ഇ-പേയ്മെന്റ് പ്രക്രിയ ആവിഷ്കരിച്ചിട്ടുള്ളത്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | • സംസ്ഥാനത്തെ എല്ലാ കർഷകരുടേയും, അവരുടെ കൃഷിയെക്കുറിച്ചുമുള്ള സമഗ്രമായ ഒരു ഓൺലൈൻ ഡേറ്റാബേസ് ഉണ്ടാക്കുകയും ഇതുപയോഗിച്ച് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നേരിട്ട് നൽകുകയും ചെയ്യുന്നു. ഇത് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സാധിക്കുന്നു.<br>• കൃഷി ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഇതുമൂലം സാധിക്കുന്നു.<br>• മുഴുവൻ സബ്സിഡി തുകയും കോർ ബാങ്കിങ് അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരങ്ങൾ www.ebt.kerala.gov.in/ എന്ന വെബ്സൈറ്റിൽ പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തുന്നു. |
| (സി) ഇവ നടപ്പിൽ വരുത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദീകരിക്കുമോ? | (സി) | കർഷകർക്ക് സാമ്പത്തിക ആനുകൂല്യം അവരവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നല്കുന്നതിനായി ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൃഷി ഓഫീസർമാർ നൽകുന്ന വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് ഡയറക്ടർമാർ നേരിട്ട് |

| | | |
|---|---|---|
| | | കർഷകന്റെ അക്കൗണ്ടിലേക്ക് സബ്സിഡി തുക ഇ-പേയ്മെന്റ് മുഖാന്തിരം നൽകുകയും ചെയ്യുന്നു. കൃഷി വകുപ്പിന്റെ വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ഇ-പേയ്മെന്റ് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകിയിട്ടുണ്ട്. കർഷകർക്ക് മികച്ച സേവനം ഉറപ്പാക്കുവാനായി റിസർവ്വ് ബാങ്കിന്റെ നിയമങ്ങൾ അനുസരിച്ചുള്ള സർവ്വീസ് ലെവൽ എഗ്രിമെന്റ് ബാങ്കുമായി ഒപ്പിട്ടിട്ടുണ്ട്.<br>കൃഷി വകുപ്പിലെ കൃഷിഭവൻ വരെയുള്ള ഉദ്യോഗസ്ഥർക്ക് ഇ-പേയ്മെന്റ് സോഫ്റ്റ് വെയർ, ഇ-ഗവേണൻസ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി നാഷണൽ ഇ-ഗവേണൻസ് പ്ലാൻ, അഗ്രികൾച്ചർ എന്ന പദ്ധതിയുടെ സഹായം ഉപയോഗിച്ച് ആനയറ, സമേതി തിരുവനന്തപുരം, RATTC- കോഴ, (കോട്ടയം) വൈറ്റില, (എറണാകുളം) മലമ്പുഴ, (പാലക്കാട്), ഫാർമേഴ്സ് ട്രെയിനിംഗ് സെന്റർ, കോഴിക്കോട് എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ & ലാബ് ആരംഭിക്കുകയുണ്ടായി.<br>വിവിധ തലത്തിലുള്ള ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിനായി കൃഷി വകുപ്പിൽ ഐ.റ്റി രംഗത്ത് പരിചയവും പ്രാവീണ്യവുമുള്ള 45 ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുകയും അവർക്ക് ഐ.റ്റി മാസ്റ്റർ ട്രെയിനർമാരായി ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. ഇവർ കൃഷിഭവൻ വരെയുള്ള ഉദ്യോഗസ്ഥർക്ക് കൃഷി വകുപ്പിൽ ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ് വെയറുകളെക്കുറിച്ച് പരിശീലനം നൽകിവരുന്നു.<br>ഇതുകൂടാതെ കർഷകരുടെയും കൃഷി ഉദ്യോഗസ്ഥരുടെയും സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി കൃഷി ഡയറക്ടറേറ്റിൽ ഐ.റ്റി സെല്ലിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ